# അന്താരാഷ്ട്ര വനിതാ ദിനം

• അനൂപ് അനന്തൻ




പ്രിയപ്പെട്ട ഗുരുജനങ്ങളേ, സുഹൃത്തുക്കളേ...

ഇന്ന് നാം ഒത്തുകൂടിയിരിക്കുന്നത് വനിതാ ദിനാചരണത്തിന്റെ ഭാഗമായാണ്. സ്ത്രീ സംരക്ഷണ നിയമങ്ങൾ കേവലം വാഗ്ദാനങ്ങൾ മാത്രമായി അവശേഷിക്കാതെ പ്രായോഗിക പ്രവർത്തനങ്ങളായി തീരണമെന്ന് ഓർമിപ്പിക്കാൻ കൂടിയാണ് വർഷാന്തം വനിതാ ദിനം ആചരിക്കുന്നത്. ലോകമാകെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പുരോഗതിയോടൊപ്പം മനുഷ്യന്റെ ജീവിത നിലവാരം ഉയർന്നുകൊണ്ടിരിക്കുന്നു. അപ്പോഴും സ്ത്രീകളും കുട്ടികളും പല രീതിയിൽ ഉപദ്രവിക്കപ്പെടുന്നതിന്റെയും ചൂഷണത്തിന് വിധേയരാവുന്നതിന്റെയും വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയാണ് ഓരോ വർഷം കഴിയുന്തോറും വനിതാ ദിനാചരണത്തിന്റെ പ്രസക്തി വർധിക്കുന്നത്.

1857 മാർച്ച് എട്ടിന് ന്യൂയോർക്കിലെ വനിതകൾ നടത്തിയ അവകാശങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭമാണ് വനിതാ ദിനാചരണം എന്ന



◆◆ കേരളത്തിലെ ആദ്യ വനിതാ ചീഫ് സെക്രട്ടറി– പത്മാ രാമചന്ദ്രൻ

ആശയ
ത്തിലേക്ക് നയിച്ചത്.
കുറഞ്ഞ വേതനത്തിനെതിരെയും ദീർഘമായ തൊഴിൽ സമയത്തിനെതിരെയും സ്ത്രീകൾ നടത്തിയ ചെറുത്തുനിൽപ്പായിരുന്നു അത്. 1975-ലാണ് ഐക്യരാഷ്ട്ര സഭ മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്.


*വിജി*

തുടർന്ന്, ഓരോവർഷവും ഓരോ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് പ്രത്യേക സന്ദേശങ്ങളും നൽകി. ഇന്ന് വിവിധ രാജ്യങ്ങളുടെ അധികാരത്തിന്റെ നെറുകയിൽവരെ സ്ത്രീകൾ സ്ഥാനം പിടിച്ചിരിക്കുന്നു. സ്വാതന്ത്ര്യസമര കാലം തൊട്ട് നമ്മുടെ രാജ്യത്ത് നിലപാടുകൾ കൊണ്ടും സമരവീര്യം കൊണ്ടും പുരുഷനെ പിന്നിലാക്കിയ സ്ത്രീ വ്യക്തിത്വങ്ങൾ ഏറെയാണ്.

എല്ലാ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ബാല്യകാലത്ത് വികാസത്തിനും ശ്രദ്ധക്കുമുള്ള അവസരം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള വിവേചനത്തിന് അവസാനം, പൊതു-സ്വകാര്യ ഇടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള അത്രിക്രമങ്ങൾ ഇല്ലാതാക്കൽ, ശൈശവ വിവാഹം അവസാനിപ്പിക്കുക എന്നിവയാണ് ദിനാചരണത്തിലുടെ പൊതുവായി നാം ലക്ഷ്യമിടുന്നത്.

ലോകപ്രശസ്ത വാർത്താമാധ്യമമായ ബി.ബി.സി 2018-ൽ തയ്യാറാക്കിയ ലോകത്തെ സ്വാധീനിച്ച നൂറ് വനിതകളിൽ ഒരാളായി കോഴിക്കോട് സ്വദേശി വിജി എന്ന പെൺകുട്ടിയെ തെരഞ്ഞെടുത്തതാണ് പോയവർഷത്തിൽ സ്ത്രീ മുന്നേറ്റ വാർത്തകളിലെ പ്രിയപ്പെട്ട ഒന്ന്. തുണിക്കടയിൽ സ്ത്രീ തൊഴിലാളികൾ മണിക്കൂറുകളോളം നിന്ന് ജോലി ചെയ്യുന്നതിന് എതിരെ സമരം ചെയ്ത് അവർക്ക് ഇരിപ്പിടം നേടിക്കൊടുത്ത സമരവിജയമാണ് വിജിയെ ബി.ബി.സി പട്ടികയിൽ സ്ഥാനം നേടാനിടയാക്കിയത്.

കേരളത്തിലെ ആദ്യത്തെ വനിതാ ട്രേഡ് യൂണിയനായ അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ (എ.എം.ടി.യു) സെക്രട്ടറിയാണ് വിജി . ഒരുപക്ഷേ, ഇത്തരം അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ നേട്ടങ്ങൾ വനിതാദിനാചരണ വേളയിലെ സന്തോഷങ്ങളാണ്.

നമ്മൾ ഓരോരുത്തരും നമ്മുടെ മാതാവിന്, കൂടപ്പിറപ്പുകൾക്ക്, കൂട്ടുകാരികൾക്ക് കാവലാളാകും എന്ന് തീരുമാനിക്കുന്നിടത്താണ് വനിതാദിനാചരണം വിജയിക്കുന്നതെന്ന് മാത്രം പറഞ്ഞ്കൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. എല്ലാവർക്കും നന്ദി....

◆◆ ലോകത്തിന്റെ പഞ്ചസാരക്കിണ്ണം– ക്യൂബ